തീരുമാനിച്ചതിൽ നിന്നും നേരത്തേ ആക്കിയിട്ടുള്ളതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് വിമാനം ആരംഭിക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് പല തവണ അഭ്യർത്ഥന നടത്തിയെങ്കിലും കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ വന്നു പോകുന്നതിന് മതിയായ സൗകര്യമില്ലായെന്ന കാരണത്താൽ ഈ ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

28 (*148) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടെയും ക്ഷേമം

ശ്രീമതി കെ.ആർ. ഗൗരി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടേയും ക്ഷേമത്തിനായി നിലവിലുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ദബുദ്ധികൾക്കായി വിദ്യാലയങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടേയും വികലാംഗരുടേയും ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ;

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും പുനരധിവാസത്തിനുമായി സർക്കാരുടമസ്ഥതയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റിക്യാപ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നീ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ചികിത്സ കൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി മഞ്ചേരിയിൽ കസ്റ്റോഡിയൻ കെയർ ഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

കൂടാതെ ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ക്ഷേമത്തിനായി വിവിധ സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിലെ മന്ദബുദ്ധികളായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. പാങ്ങപ്പാറയിലെ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ദേശീയ സ്ഥാപനമാക്കി ഉയർത്തുന്നതിന്റെ മുന്നോടിയായി ഇതിനെ ഒരു സ്വയം ഭരണസ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം മുഖേന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടിയുള്ള വിവിധ വികസന പരിപാടികൾ നടപ്പാക്കി വരുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വികലാംഗരുടെ ക്ഷേമം മുൻനിർത്തി 1995-ൽ കേന്ദ്രം പാസ്സാക്കിയ വികലാംഗ (തുല്യ അവസര, അവകാശ സംരക്ഷണ, പൂർണ്ണ പങ്കാളിത്ത) നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.) വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ടി നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി സംസ്ഥാനത്തു നടപ്പാക്കുന്നതിനും വേണ്ടി ഒരു സംസ്ഥാന കമ്മീഷണറുടെ കീഴിൽ ഒരു കമ്മീഷണറേറ്റ് പ്രവർത്തിക്കുന്നു. വികലാംഗ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി ഒരു കോംപീറ്റന്റ് അതോരിറ്റിയേയും നിയമിച്ചു. വികലാംഗരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടി സ്റ്റേറ്റ് കോ-ഓർഡിനേഷൻ/സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. ഇവയ്ക്കു പുറമേ താഴെ പറയുന്ന ആനുകൂല്യങ്ങളും വികലാംഗർക്ക് നൽകിവരുന്നു.

(1) വികലാഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

(2) വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ് നൽകുന്നു.

(3) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗനിയമനങ്ങൾക്കായി ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് യാത്രാബത്ത നൽകുന്നു.

(4) അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായം നൽകുന്നു.

(5) സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സ്ഥാപനങ്ങൾക്ക് ധനസഹായം.

(6) വികലാംഗരുടെ ചികിത്സയ്ക്കായി വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

(7) വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി അംഗവൈകല്യം ബാധിച്ചവരുടെ തൊഴിൽ സംരംഭങ്ങൾക്കായി ദേശസാൽകൃത ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുകയും വായ്പ അനുവദിക്കുന്നവർക്ക് 2000 രൂപ സബ്സിഡി നൽകുകയും ചെയ്യുന്നു.

(8) വികലാംഗർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വാർഷിക വരുമാനം 12000 രൂപയിൽ കവിയാത്തവർക്ക് വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിലൂടെ വികലാംഗക്ഷേമ കോർപ്പറേഷൻ വിതരണം ചെയ്യുന്നു.

(9) വികലാംഗ ജീവനക്കാർക്കും സ്ഥാപനങ്ങൾക്കും സംസ്ഥാന/ദേശീയ അവാർഡു ഏർപ്പെടുത്തിയിട്ടുണ്ട്.

(10) ബധിരമൂക കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

(11) വികലാംഗർക്കുള്ള പ്രതിമാസ പെൻഷൻ പദ്ധതി.

(12) സർക്കാർ സർവ്വീസിലെ ക്ലാസ് 111, ക്ലാസ് IV തസ്തികളിലെ ഒഴിവുകളുടെ 3% വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(13) 1.1.97 മുതൽ 14.8.98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരുടെ സേവനം സ്ഥിരപ്പെടുത്തി.

(ബി) മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സന്നദ്ധസംഘടനകൾ നടത്തുന്ന 200 ൽ പരം സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടുകൂടി മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനായി 103 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 23.11.95 ലെ ജി.ഒ. (എം.എസ്) 45/95/ ഉത്തരവു മുഖേന പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്നു. സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാന്റ് ക്യാപ്പ്ഡ് എന്ന സ്ഥാപനം ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന്റെ മുന്നോടിയായി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത വിവിധ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(സി) ഇല്ല.

29 (*149) കശുവണ്ടി ഇറക്കുമതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിക്കുവാനോ കാപ്പെക്സിനും കാഷ്യൂ കോർപ്പറേഷനും വേണ്ടി തോട്ടണ്ടി സംഭരിക്കുവാനോ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏറ്റവും അവസാനമായി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും വിദേശത്ത് നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തത് എന്നാണെന്നും എത്ര കശുവണ്ടി ഇറക്കുമതി ചെയ്തെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് എന്തുവില നൽകിയെന്നും ഫാക്ടറിസൈറ്റിൽ എത്തിക്കുമ്പോൾ ഇംപോർട്ട് ഡ്യൂട്ടി, മറ്റു നികുതികൾ, ട്രാൻസ്പോർട്ട് ചാർജ്ജ് എന്നിവ ഉൾപ്പെടെ കിന്റലിന് എത്ര രൂപ മൊത്തം ചെലവ് വന്നുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ)&(ബി) കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ കശുവണ്ടിക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കശുവണ്ടി വികസന കോർപ്പറേഷൻ കേരളത്തിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുവേണ്ടി കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഡിപ്പോകൾ തുറന്നും തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽ തോട്ടണ്ടി കോർപ്പറേഷന്റെ ഫാക്ടറികളായ ഇരിങ്ങാലക്കുട, കൊട്ടിയം എന്നിവിടങ്ങളിലും സംഭരിക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. കാപ്പെക്സ് കണ്ണൂർ ജില്ലയിൽ രണ്ട് യാഡുകൾ തുടങ്ങുന്നതിനും മാർക്കറ്റുവില അനുസരിച്ച് കശുവണ്ടിവാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിലും മാർക്കറ്റുവില അനുസരിച്ച് തോട്ടണ്ടി വാങ്ങാൻ നടപടി എടുത്തു വരുന്നു.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly